ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ

147 [1725] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

" തേറമ്പിൽ രാമകൃഷ്ണൻ:

" ടി. എൻ. പ്രതാപൻ:

" എൻ. ശക്തൻ:

" എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽനിന്ന് കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര പേർ ജോലി ചെയ്യുന്നു എന്നറിയിക്കുമോ;

(ബി) ഇവരിൽ ആരുടെയെല്ലാം പേരിൽ വിജിലൻസ് അന്വേഷണം നടക്കുന്നു എന്നറിയിക്കാമോ;

(സി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് ഡെപ്യൂട്ടേഷനിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ൽ ജോലി ചെയ്യുന്നവർ നടത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം ക്രമക്കേടുകൾ ഉള്ളതായി കണ്ടെത്തി എന്ന് വ്യക്തമാക്കുമോ;

(ഇ) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽനിന്നും കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരെ തിരിച്ചയക്കണമെന്ന് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് അവരെ തിരിച്ചയച്ചു; തിരിച്ചയയ്ക്കാത്ത പക്ഷം കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇപ്പോൾ ആരുമില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) ഫൈനാൻസ് വിഭാഗം നടത്തിയ ഇൻസ്പെക്ഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഇ) അസിസ്റ്റന്റ് എഞ്ചിനീയർ ആയി ജോലി ചെയ്തിരുന്ന ഒരാളെ 19-3-2004-ലെ ജി.ഒ. (ആർ.ടി.) 822/04/ആകുവ. ഉത്തരവ് പ്രകാരം 5-4-2004-ൽ ടിയാന്റെ മാതൃവകുപ്പിലേക്ക് തിരിച്ചയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly